പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: * 173

17.06.2013 ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആഭ്യന്തര വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഈ രംഗത്ത് പാളിച്ചകൾ ഉണ്ടെങ്കിൽ തിരുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നത്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങളിലും പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) സംസ്ഥാനത്ത് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ലൈംഗിക പീഡനങ്ങളുടെയും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെയും പശ്ചാത്തലത്തിൽ പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ മുഖ്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും, ലൈംഗിക പീഡനങ്ങളും തടയുന്നതിനായി സാധ്യമായ എല്ലാ നിയമ നടപടികളും പോലീസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്.<br>സ്ത്രീകൾക്കും, കുട്ടികൾക്കും ഇത്തരത്തിലുള്ള അതിക്രമങ്ങളെക്കുറിച്ച് വേണ്ടത്ര അവബോധമില്ലായ്മ, മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ഉപയോഗം, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം തുടങ്ങിയവയാണ് ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതിനുള്ള പ്രധാന കാരണങ്ങളായി തീരുന്നത്. |

....2

| | |
|---|---|
| (സി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉണ്ടായ കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) കഴിഞ്ഞ 2 വർഷങ്ങളിൽ (18.05.2011 മുതൽ 18.05.2013 വരെ) സ്ത്രീകൾക്കെതിരെ 26837 കുറ്റകൃത്യങ്ങളും (Eve teasing - 1025, Molestation - 7952, 498(A) IPC - 10441, Rape - 2211, 304 (B) IPC - 53, Kidnapping - 427, Others - 4728) കുട്ടികൾക്കുനേരെ 3128 കുറ്റകൃത്യങ്ങളും (Rape - 946, Kidnapping - 315, Foeticide - 1, Abetment of suicide - 8, Exposure and abandonment - 7, Procuration of Minor Girl - 16, Murder - 74, Others - 1761) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ